## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3461** | **11.12.2018 ൽ മറുപടിയ്ക്ക്**

**പഴം, പച്ചക്കറി ഉല്പാദന സംസ്കരണ വിപണന യൂണിറ്റുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) പിറവം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പഴം, പച്ചക്കറി ഉല്പാദന, സംസ്കരണ, വിപണന യൂണിറ്റുകളുടെ വിവരങ്ങൾ ഇനം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തന അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളതും ഇതുവരെ അനുമതി ലഭിക്കാത്തതുമായ യൂണിറ്റുകളുടെ വിവരങ്ങൾ ഇനം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

സി) ഇലഞ്ഞിയിലെ പഴം, പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

എ) ബി) & സി) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ 25.07.2018- ൽ നടന്ന 34-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി 4.335 ലക്ഷം രൂപ ധനസഹായത്തോടെ ശ്രീ. ജോമി പോൾ, മുട്ടപ്പിള്ളി ഹൗസ്, ഇലഞ്ഞി എന്ന കർഷകന് പച്ചക്കറികളുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ പൂർത്തീകരണ റിപ്പോർട്ടും വാല്യുവേഷൻ റിപ്പോർട്ടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ ലഭ്യമായാൽ ഉടൻ തന്നെ പരിശോധിച്ച് ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ